ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ക്ലബ്ബ് ചെയ്ത് ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സമിതിയുടെ 2-ാം നിഗമനത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശാനുസരണം വി.ഇ.2 /2012/ എസ്.ഐ.യു.II എന്ന നമ്പരിൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.01/15/എസ്.ഐ.യു.II എന്ന വിജിലൻസ് കേസ് 20-4-2015-ൽ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. കേസ് അന്വേഷണം പുരോഗമിച്ചുവരുന്നു. വി.ഇ.1/2012/ എസ്.ഐ.യു.II എന്ന നമ്പരായി മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ

133 (1210) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനിയറിങ്ങ് കോളേജിലും തൃശ്ശൂർ എൻജിനിയറിംഗ് കോളേജിലും പബ്ലിക് - പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഏതെങ്കിലും വിദേശ കമ്പനിയുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിച്ചത് ;

(സി) പ്രസ്തുത കോഴ്സുകൾക്കുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആവശ്യങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവ് ചെയ്തുവെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിൽ പബ്ലിക് - പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ വിദേശ കമ്പനിയുമായി ചേർന്ന് രണ്ട് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ കോഴ്സുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ബി) 1. എം.ടെക് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് (ട്രാൻസ്ലേഷണൽ റിസർച്ച് ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റർ)

2. അഡ്വാൻസ് ഡിപ്ലോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് (ആഡം കോഴ്സ്)

(സി) കോഴ്സുകൾക്കുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ട്.

എം.ടെക് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് (ട്രാൻസ്ലേഷണൽ റിസർച്ച് ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റർ)

ട്യൂഷൻ ഫീസ് - 75,000 രൂപ (ഒരു സെമസ്റ്ററിന്) (ആകെ 4 സെമസ്റ്റർ)

അഡ്വാൻസ് ഡിപ്ലോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് (ആഡം കോഴ്സ്)

ട്യൂഷൻ ഫീസ് - 85,000 രൂപ

(ഡി) എം.ടെക് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് കോഴ്സിന് നാളിതുവരെ ചെലവഴിച്ച തുക

2013-14	-	20 ലക്ഷം രൂപ
2014-15	-	68 ലക്ഷം രൂപ
2015-16	-	12.83 ലക്ഷം രൂപ

അഡ്വാൻസ് ഡിപ്ലോമ ഇൻ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിന് നാളിതുവരെ 90 ലക്ഷം രൂപ ചെലവായി.

എഴുകോൺ പോളിടെക്നിക്ക്

134 (1211) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എഴുകോൺ പോളിടെക്നിക്കിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾ ഉണ്ട്;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ അധിക കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടികൾക്കായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly